**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 36** **08-10-2024 - ൽ മറുപടിയ്ക്ക്**

**സിറ്റി ഗ്യാസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വീടുകളിൽ പ്രകൃതിവാതകം എത്തിക്കുന്ന സിറ്റി ഗ്യാസ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) | ഇന്ത്യൻഓയിൽ - അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) എന്ന സ്ഥാപനത്തിനാണ് എറണാകുളം, ജില്ലയിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കാൻ PNGRB-ൽ നിന്നും അംഗീകാരം ലഭിച്ചിട്ടുള്ളത്. എറണാകുളം ജില്ലയിലെ മുൻസിപ്പാലിറ്റികളായ കളമശ്ശേരി തൃക്കാക്കര, തൃപ്പൂണിത്തറ, ആലുവ, ഏലൂർ, മരട് എന്നീ പ്രദേശങ്ങളിലും കൊച്ചി കോർപ്പറേഷനിലും നിലവിൽ പൈപ്പ്ലൈൻ ഗ്യാസ് കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ മൊത്തത്തിൽ 42030 വീടുകളിൽ ഗ്യാസ് കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്.<br><br>ഷോലഗാസ്കോ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് കേരളത്തിലെ കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ഗാർഹിക കുടുംബങ്ങൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും വ്യവസായങ്ങൾക്കും വാഹന ഇന്ധനമായും പ്രകൃതി വാതകം വിതരണം ചെയ്യുന്നതിനുള്ള അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതുവരെയുള്ള പുരോഗതി ചുവടെ ചേർക്കുന്നു:<br><br>4 സിഎൻജി സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഗാർഹിക കണക്ഷനുകൾക്കായി 10000- ലധികം രജിസ്ട്രേഷനുകൾ ലഭ്യമായിട്ടുണ്ട്. സിറ്റി ഗ്യാസ് സ്റ്റേഷന് വേണ്ടി കിൻഫ്രയിൽ നിന്നും ലാൻഡ് അനുവദിച്ചിട്ടുണ്ട്. 167 കിലോമീറ്റർ സ്റ്റീൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ സർവ്വേ പുരോഗമിച്ചുവരുന്നു.<br><br>തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ സിറ്റി ഗ്യാസ് പദ്ധതി നടപ്പാക്കുന്നത് എജി&പി പ്രഥം എന്ന കമ്പനിയാണ്. തിരുവനന്തപുരം കോർപ്പറേഷനിൽ |

| | | | |
|---|---|---|---|
| | | | 37 വാർഡുകളിൽ ഗ്യാസ് വിതരണത്തിനായുള്ള പ്രവർത്തികൾ പുരോഗമിക്കുന്നു. അണ്ടൂർക്കോണം പഞ്ചായത്ത് പ്രദേശത്തും ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിച്ച് വരുന്നു. തിരുവനന്തപുരത്ത് 10258 വീടുകളിൽ ഗ്യാസ് വിതരണം നടത്തുന്നു. ആലപ്പുഴ ജില്ലയിൽ ചേർത്തല, ആലപ്പുഴ മുൻസിപ്പാലിറ്റി കളിലും വയലാർ പഞ്ചായത്തിലും പ്രവർത്തികൾ പുരോഗമിക്കുന്നു. ആലപ്പുഴയിൽ 11600 വീടുകളിൽ ഗ്യാസ് വിതരണം നടത്തുന്നു. കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി, കൊട്ടാരക്കര ഭാഗങ്ങളിൽ ഗ്യാസ് വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവർത്തികൾ നടന്നുവരുന്നു. മൂന്ന് ജില്ലകളിലായി 34 സിഎൻജി സ്റ്റേഷനുകൾ പ്രവർത്തിക്കുന്നു. 25 പൊതുമേഖലാ സ്വകാര്യ വ്യവസായ ശാലകളിൽ ഗ്യാസ് വിതരണം നടത്തുന്നു. |
| (ബി) | സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിനായി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും അവരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്നും അറിയിക്കുമോ; | (ബി) | **<u>ഇന്ത്യൻഓയിൽ - അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL):-</u>** ഗവണ്മെന്റ് ഓഫ് ഇന്ത്യ സ്ഥാപനമായ പെട്രോളിയം ആൻഡ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡിൽ (പി. എൻ. ജി. ആർ. ബി.) നിന്നും കിട്ടിയ ലൈസൻസ് പ്രകാരം അനുവദിക്കപ്പെട്ട ഭൂമിശാസ്ത്രപരമായ പ്രദേശത്തു കൂടെ മാത്രമേ സിറ്റി ഗ്യാസ് പദ്ധതി സ്ഥാപിക്കുന്നതിനും തന്മൂലം പ്രകൃതിവാതകം നൽകുന്നതിനും സാധിക്കുകയുള്ളു.<br><br>കേരളത്തിലെ നിലവിലുള്ള 14 ജില്ലകളിൽ ഇന്ത്യൻഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിന് പ്രകൃതി വാതകം നൽകുന്നതിനായി അനുമതി ലഭിച്ചിട്ടുള്ള 8 ജില്ലകൾ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട്, മാഹി (കേന്ദ്രഭരണ പ്രദേശം ) തുടങ്ങിയവ ആണ്.<br><br>നിലവിൽ പദ്ധതിയുടെ ഭാഗമായി കമ്പനി എറണാകുളം, പാലക്കാട്, മലപ്പുറം, കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ സിറ്റി ഗേറ്റ് സ്റ്റേഷനും അവിടെ ഒഡോറൈസേഷൻ യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മേല്പറഞ്ഞ എല്ലാ ജില്ലകളിലും പ്രകൃതി വാതക പൈപ്പ് ലൈനുകൾ സ്ഥാപിക്കുകയും, CNG സ്റ്റേഷനുകളിലേക്കും, ഗാർഹിക, വാണിജ്യ - വ്യവസായ സ്ഥാപനങ്ങളിലേക്കും പ്രകൃതി വാതകം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷനിലും, മുനിസിപ്പാലിറ്റികളായ കളമശേരി, തൃക്കാക്കര, തൃപ്പൂണിത്തറ, മരട്, ആലുവ, ഏലൂർ |

എന്നിവിടങ്ങളിലായി 42030 ഗാർഹിക കണക്ഷൻസും, 19 CNG സ്റ്റേഷനുകളും, 15 വ്യവസായ സ്ഥാപനങ്ങളിലും, 48 വാണിജ്യ സ്ഥാപനങ്ങളിലും ഗ്യാസ് ലഭ്യമാക്കിയിട്ടുണ്ട്

കണ്ണൂർ ജില്ലയിലെ പഞ്ചായത്തുകളായ കൂടാളി, അഞ്ചരക്കണ്ടി, മുണ്ടേരി, കണ്ണൂർ കോർപ്പറേഷൻ എന്നിവിടങ്ങളിൽ, 2000 ഗാർഹിക കണക്ഷനുകൾ ഇതിനോടകം ലഭ്യമാക്കിയിട്ടുണ്ട്.

കണ്ണൂർ കോർപ്പറേഷനിലും, മുനിസിപ്പാലിറ്റികളായ മട്ടന്നൂർ, പയ്യന്നൂർ, തലശ്ശേരി, കൂത്തുപറമ്പ്, കാഞ്ഞങ്ങാട്, പഞ്ചായത്തുകളായ പരശ്ശിനിക്കടവ്, ചെറുവത്തൂർ, കാസർഗോഡ് മുനിസിപ്പാലിറ്റിയിലും ആയി 14 CNG സ്റ്റേഷനുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 10 CNG സ്റ്റേഷനുകൾ ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

മലപ്പുറം ജില്ലയിലെ മുനിസിപ്പാലിറ്റികളായ മഞ്ചേരി, മലപ്പുറം, കോട്ടയ്ക്കൽ, പഞ്ചായത്തുകളായ പറപ്പൂർ, എടരിക്കോട്, നന്മക്ക, ആലങ്കോട് എന്നിടങ്ങളിലായി 7000 ത്തോളം ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ തിരൂർ, മലപ്പുറം, തിരൂരങ്ങാടി, പൊന്നാനി, പെരിന്തൽമണ്ണ എന്നീ മുൻസിപ്പാലിറ്റികളിലായി 20 CNG സ്റ്റേഷനുകളും 6 വാണിജ്യ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്.

കോഴിക്കോട് ജില്ലയിലെ പഞ്ചായത്തുകളായ ഉണ്ണികുളം, പനങ്ങാട്, കിഴക്കോത്ത്, നന്മിണ്ട, താക്കുർ, കാക്കൂർ, ബാലുശ്ശേരി എന്നിടങ്ങളിലായി 3500 ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷൻ, ഫറൂക്ക്, കൊയിലാണ്ടി, അടിവാരം, ഈങ്ങാപ്പുഴ, കൊട്ടുവേലി, കുന്നമംഗലം, പൂനൂർ, ഉള്ളിയേറി, പയ്യോളി, കുറ്റിയാടി, ഓമശ്ശേരി, വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, കൽപ്പറ്റ, മാനന്തവാടി എന്നീ പ്രദേശങ്ങളിലായി 24 CNG സ്റ്റേഷനുകളും 8 വാണിജ്യ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്.

തൃശ്ശൂർ ജില്ലയിലെ മുൻസിപ്പാലിറ്റികളായ കുന്നംകുളം, ഗുരുവായൂർ, ചാവക്കാട് എന്നിവിടങ്ങളിലും, പാലക്കാട് ജില്ലയിലെ എലപ്പുള്ളി പഞ്ചായത്തിലും, പുതുശ്ശേരി പഞ്ചായത്തിലും ആയി 2000 വീടുകളിൽ ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ തൃശ്ശൂർ, പാലക്കാട് ജില്ലകളിലായി 44 CNG സ്റ്റേഷനുകളും 5 വ്യവസായ സ്ഥാപനങ്ങളിലും, 10 വാണിജ്യ സ്ഥാപനങ്ങളിലും പ്രകൃതി വാതകം ലഭ്യമാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | **<u>ഷോലഗാസ്കോ പ്രൈവറ്റ് ലിമിറ്റഡ്</u>** :- കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒരു പ്രദേശത്തിന്റെ നഗര വാതക വിതരണത്തിനായി ബിഡ്ഡിംഗ് പ്രക്രിയയിലൂടെ PNGRB ഒരു സ്ഥാപനത്തിന് അംഗീകാരം നൽകുന്നു. അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ, അംഗീകാരപത്രത്തിൽ പറഞ്ഞിരിക്കുന്ന മിനിമം വർക്ക് പ്രോഗ്രാം അനുസരിച്ച് വികസനത്തിന്റെ പുരോഗതി PNGRB നിരീക്ഷിക്കുന്നു.<br><br>**<u>എജി& പി പ്രഥം : -</u>** തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ എ ജി &പി പ്രഥം എന്ന കമ്പനിയാണ് പദ്ധതി നടപ്പാക്കുന്നത്. പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ സർക്കാരിന്റെ ഇടപെടൽ സംബന്ധിച്ച വിശദാംശം നൽകുമോ; | (സി) | **കേരള സംസ്ഥാന സർക്കാർ മുൻഗണന പദ്ധതികളിൽ ഉൾപ്പെടുത്തി പദ്ധതി നിർവഹണം ദ്രുതഗതിയിലാക്കി. തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കൽ, നിർമ്മാണ പ്രവർത്തനങ്ങൾ, പദ്ധതി പ്രവർത്തിപ്പിക്കൽ, വികസിപ്പിക്കൽ എന്നിവ സംബന്ധിച്ച മാർഗ്ഗനിർദേശം പുറത്തിറക്കുകയും വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ഇത് നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. നിയതമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി റോഡ് കട്ട് ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.**<br><br>**സംസ്ഥാന സർക്കാർ സിറ്റി ഗ്യാസ് വിതരണ പദ്ധതിയെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ടു നടത്തുന്ന മുൻഗണന പദ്ധതികളുടെ അവലോകന യോഗങ്ങളിൽ ഉൾപ്പെടുത്തുകയും പദ്ധതി നിർവഹണത്തിന് വിവിധ വകുപ്പുകളുടെ അനുമതി വേഗത്തിൽ ആക്കാൻ 'സുഗമ' പോർട്ടൽ (ROW) സ്ഥാപിക്കുകയും ചെയ്തു. 2021 ജൂലൈ 30ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന മുൻഗണന പദ്ധതികളുടെ രണ്ടാം അവലോകന യോഗത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വെബ് പോർട്ടൽവഴി സമർപ്പിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി അനുമതി നൽകാൻ നിർദ്ദേശം നൽകി. പദ്ധതി നിർവഹണം വേഗത്തിലാക്കാൻ CGD പദ്ധതിക്കായി നോഡൽ ഓഫീസറെ സർക്കാർ നിയമിച്ചു. പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി നിശ്ചിത** |

| | | | |
|---|---|---|---|
| | | | **സമയപരിധിയിൽ ജില്ലാ കലക്ടർമാരുടെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നുവരുന്നു. വ്യവസായ വകുപ്പിന്റെ സഹായത്തോടെ സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി സർക്കാർ അധീനതയിലുള്ള DIC കൊച്ചുവേളി, തോന്നക്കൽ ലൈഫ് സയൻസ് പാർക്ക്, ചവറ KMML എന്നിവിടങ്ങളിൽ സ്റ്റേഷനുകൾ സ്ഥാപിക്കാൻ നിശ്ചിത കരാറിന്റെ അടിസ്ഥാനത്തിൽ സ്ഥലം ലഭ്യമായിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ സഹായത്തോടെ TTPL, KMML, KCL, HLL തുടങ്ങിയ സ്ഥാപനങ്ങൾ വ്യാവസായിക ആവശ്യത്തിനായി പ്രകൃതിവാതകം ഉപയോഗപ്പെടുത്തുന്നു.** |
| (ഡി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് സംസ്ഥാനത്തിന്റെ വിഹിതം എത്രയാണ്; ഈയിനത്തിൽ ഇതുവരെ എന്തു തുക ചെലവഴിച്ചെന്ന് വിശദമാക്കുമോ? | (ഡി) | ഈ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാരിന് യാതൊരു വിധത്തിലുമുള്ള സാമ്പത്തിക ബാധ്യതയും ഇല്ല. പദ്ധതിയുടെ നടത്തിപ്പിനായി സർക്കാരിന്റെ ഭൂമി പാട്ടത്തിന്/വാടകയ്ക്കാണ് കമ്പനിക്ക് നൽകിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ